## പതിനാലാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ. 392 27.09.2016-ൽ മറുപടിയ്ക്ക്**

**കെ.എസ്.ഇ.ബി.യുടെ അധീനതയിലുള്ള റോഡിന്റെ പുനരുദ്ധാരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. റോഷി അഗസ്റ്റിൻ : | | ശ്രീ. കടകംപള്ളി സുരേന്ദ്രൻ (വൈദ്യുതിയും ദേവസ്വവും വകുപ്പ് മന്ത്രി) | |
| (എ) | കെ.എസ്.ഇ.ബി.യുടെ അധീനതയിലുള്ള, കൊലുമ്പൻ സ്മാരകം മുതൽ ഇടുക്കി ഡാം വരെയുള്ള റോഡ് സഞ്ചാരയോഗ്യമല്ലാത്തവിധം തകർന്നു കിടക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) | നിലവിൽ കെ.എസ്.ഇ.ബി.യുടെ അധീനതയിലുള്ള റോഡുകളുടെ പുനരുദ്ധാരണ ജോലികൾ എപ്രകാരമാണ് നിർവ്വഹിക്കുന്നത്; | (ബി) | നിലവിൽ കെ.എസ്.ഇ.ബി. യുടെ അധീനതയിലുള്ള റോഡുകളുടെ പുനർനിർമ്മാണ ജോലികൾ ബന്ധപ്പെട്ട കെ.എസ്.ഇ.ബി. ഓഫീസുകളുടെ മേൽനോട്ടത്തിൽ കരാർ അടിസ്ഥാനത്തിലാണ് നിർവ്വഹിക്കുന്നത്. കൊലുമ്പൻസ്മാരകം മുതൽ ഇടുക്കി ഡാം വരെയുള്ള റോഡിന്റെ പുനരുദ്ധാരണം 'DRIP' പദ്ധതിയിൽ ഉൾപ്പെടുത്തിയാണ് നിർവ്വഹിക്കുന്നത്. |
| (സി) | പ്രസ്തുത റോഡുകളുടെ പുനരുദ്ധാരണ ജോലികൾ സമയ ബന്ധിതമായി പൂർത്തീകരിയ്ക്കുവാൻ നടപടി സ്വീകരിക്കുമോ? | (സി) | കെ.എസ്.ഇ.ബി. യുടെ അധീനതയിലുള്ള റോഡുകളുടെ പുനരുദ്ധാരണ ജോലികൾ സമയബന്ധിതമായി പൂർത്തീകരിക്കുവാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |

Hemalella

**സെക്ഷൻ ഓഫീസർ**